**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 537** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കള്ള് ചെത്ത് വ്യവസായ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കള്ള് ചെത്ത് വ്യവസായത്തിന്റെ നവീകരണത്തിനായി മുൻ സർക്കാർ കള്ള് വ്യവസായ വികസന ബോർഡ് (ടോഡി ബോർഡ്) രൂപീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** രൂപീകരിച്ചിട്ടുണ്ട്.

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് 2023-24 സാമ്പത്തിക വർഷം മുതൽ കള്ള് ഷാപ്പുകളുടെ വിൽപ്പന (ലേലം) ഓൺലൈൻ മുഖേന ഒരുക്കിയത് വഴി വിൽപ്പന (ലേലം) കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

**<u>മറുപടി:</u>** കള്ള് ഷാപ്പുകളുടെ വിൽപ്പന (ലേലം) സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2023-24 സാമ്പത്തിക വർഷം മുതൽ കള്ള് ഷാപ്പുകളുടെ വിൽപ്പന (ലേലം) ഓൺലൈൻ മുഖേനെ ആക്കിയത്.

**(സി)** സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കള്ള് കേരള ടോഡി എന്ന പേരിൽ ബ്രാന്റ് ചെയ്യാനും അത് ബോട്ടിൽ ചെയ്ത് കേടുകൂടാതെ ദീർഘകാലം സൂക്ഷിച്ച് വിൽക്കാനും മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

**<u>മറുപടി:</u>** ശുദ്ധമായ കള്ള് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി, കള്ളിന്റെ സ്വാഭാവിക ഗുണനിലവാരം നിലനിർത്തിക്കൊണ്ട് അതിന്റെ സംഭരണകാലാവധി (Shelf Life) ദീർഘിപ്പിച്ച് കേരള ടോഡി എന്ന ബ്രാൻഡിൽ ബോട്ടിലിംഗ് ആരംഭിക്കുന്നതിനും കുപ്പിയിലാക്കിയ കള്ള് ആഭ്യന്തര, വിദേശ വിപണികളിലേക്ക് കയറ്റുമതി ചെയ്യുന്നതിനും മുൻ സർക്കാർ തീരുമാനം എടുത്തിരുന്നു. ഇതിനായുള്ള നയപരമായ പ്രഖ്യാപനം 2025-26 അബ്കാരി നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**(ഡി)** ത്രീ സ്റ്റാർ ക്ലാസിഫിക്കേഷനോ അതിന് മുകളിലോ ഉള്ള ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും സ്വന്തം കോമ്പൗണ്ടിലെ വൃക്ഷം ചെത്തി കള്ള് അതിഥികൾക്ക് നൽകാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**<u>മറുപടി:</u>** 02.02.2024 ലെ ജി.ഒ (പി) നമ്പർ 18/2024/ നികുതി (എസ്.ആർ.ഒ. നമ്പർ 115/2024) വിജ്ഞാപന പ്രകാരം നിലവിൽ വന്നിട്ടുള്ള The Kerala Serving of Toddy in Hotels and Resorts Rules, 2024 അനുസരിച്ച് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ത്രീ സ്റ്റാർ ക്ലാസിഫിക്കേഷനോ അതിന്

മുകളിലോ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്കും, സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ തത്തുല്യ നിലവാരമുള്ള റിസോർട്ടുകൾക്കും സ്വന്തം കോമ്പൗണ്ടിലുള്ള തെങ്ങുകൾ ചെത്തി അതിഥികൾക്ക് കള്ള് നൽകാൻ അനുമതിയുണ്ട്.

**സെക്ഷൻ ഓഫീസർ**